# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 232 10.12.2014 - ൽ മറുപടിയ്ക്ക്

## അന്തർസംസ്ഥാന നദീസംയോജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അന്തർസംസ്ഥാന നദീസംയോജനത്തിന് അനുകൂലമായ സുപ്രീംകോടതി വിധിയുടെ പ്രത്യാഘാതം പരിശോധിച്ചിരുന്നോ; സംസ്ഥാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിരുന്നോ; | (എ) | നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി 27.02.2012-ൽ പുറപ്പെടുവിച്ച വിധിന്യായം വിശദമായി പരിശോധിക്കുകയും ഡൽഹിയിലെ ഐ.ഐ.ടി. (IIT Delhi) കോഴിക്കോട്ടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM Kozhikode) എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) കോടതി പരിശോധിച്ചതിൽ അതിപ്രധാനമായ കാര്യങ്ങളിലൊന്ന് കേരളത്തിൽ നിന്ന് പടിഞ്ഞാറോട്ടൊഴുകുന്ന നദികൾ തിരിച്ചുവിടുന്നതായിരുന്നുവെന്നത് മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) | ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതി പരിശോധിച്ച പ്രധാന കാര്യങ്ങൾ കൂടി അടിസ്ഥാനപ്പെടുത്തിയാണ്; കേരളത്തിലെ പടിഞ്ഞാറോട്ടൊഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടാനുള്ള പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി (PAVLP) നടപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും കേരളം എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) നദീസംയോജന പ്രശ്നത്തിൽ അനാസ്ഥ ഉണ്ടെന്ന ആക്ഷേപം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (സി) നദീസംയോജന പദ്ധതികൾ കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ നിലപാട് ബഹു. സുപ്രീം കോടതിയുടെയും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ദേശീയ ജലവികസന ഏജൻസിയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള പമ്പ- അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടാപ്പാക്കുന്നതിനെതിരെ സാദ്ധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ബഹു. കേന്ദ്രജലവിഭവ വകുപ്പുമന്ത്രി; ''നദീസംയോജന പദ്ധതികൾ'' സംബന്ധിച്ചുള്ള കാര്യങ്ങൾ കൂടി ചർച്ച ചെയ്യുന്നതിന് വിളിച്ച ചേർത്ത 21.11.2014-ലെ യോഗത്തിൽ; സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹു. ജലവിഭവ വകുപ്പുമന്ത്രി പങ്കെടുക്കുകയും; പമ്പ- അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടാപ്പാക്കുന്നത് കേരളത്തിന് ദോഷകരമാണെന്നുള്ള വസ്തുത കാര്യകാരണ സഹിതം യോഗത്തിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ അനാസ്ഥയുണ്ടായിട്ടില്ല |

സെക്ഷൻ ഓഫീസർ